## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2428

12.03.2020-ൽ മറുപടിയ്ക്ക്.

# വയനാട് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങൾ

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) വയനാട് ജില്ലയിൽ പ്രതിദിനം ശരാശരി എത്ര ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട് എന്ന കണക്ക് ലഭ്യമാക്കാമോ; | (എ) വയനാട് ജില്ലയിൽ പ്രതിദിനം ശരാശരി 2.3 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങളിലൂടെ സംഭരിയ്ക്കുന്നുണ്ട്. |
| (ബി) വയനാട് ജില്ലയിൽ നിലവിൽ എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) 56 എണ്ണം |
| (സി) വയനാട് ജില്ലയിൽ ക്ഷീരമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ഏകദേശ കണക്ക് ലഭ്യമാക്കാമോ; | (സി) വയനാട് ജില്ലയിൽ ക്ഷീരമേഖലയിൽ ഏകദേശം 57046 പേർ തൊഴിൽ ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. |
| (ഡി) പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിച്ച ജില്ലകൾ എതെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) വയനാട്, പാലക്കാട്, ഇടുക്കി ജില്ലകൾ പാൽ ഉല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ